**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2211** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>കാനം രാജേന്ദ്രന്റെ സ്മാരകത്തിന് സ്ഥലം അനുവദിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിൻസെന്റ്
ശ്രീ. എം. വിൻസെന്റ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കാനം രാജേന്ദ്രന്റെ സ്മാരകത്തിനായി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളജിനു സമീപമുള്ള സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ ആരോഗ്യ വകുപ്പിന്റെ പരിഗണനയിലാണോ; എങ്കിൽ പ്രസ്തുത ആവശ്യത്തിന് എൻ.ഒ.സി. നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ;

**<u>മറുപടി:</u>** കാനം രാജേന്ദ്രന്റെ സ്മാരകത്തിനായി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളജിനു സമീപമുള്ള സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിന്റെ പ്രൊപ്പോസൽ ആരോഗ്യ വകുപ്പിൽ ലഭിച്ചിരുന്നു. തിരുവനന്തപുരം ജില്ലയിൽ ടി താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നം. 6 ൽ റീസർവ്വെ നം. 42 ൽ ഉൾപ്പെട്ടതും ബിടിആറിൽ, സർക്കാർ ഗവ. മെഡിക്കൽ കോളേജ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ആരോഗ്യവകുപ്പിന്റെ കൈവശമുള്ളതുമായ 16.18 ആർ (40 സെന്റ്) ഭൂമിയാണ് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത പ്രൊപ്പോസലിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആശുപത്രിയുടെ നിലവിലെ സ്ഥലപരിമിതി ചൂണ്ടിക്കാട്ടി റിപ്പോർട്ട് ലഭ്യമാക്കുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രപ്പോസൽ നിരസിച്ചിട്ടുള്ളതുമാണ്.

**(ബി)** മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച ഫയൽ എന്നാണ് ആരോഗ്യവകുപ്പിനു ലഭിച്ചതെന്നും എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ പരിശോധിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷയിൽ എത്ര ഭൂമിയാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

**(സി)** ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങൾ ഏതെങ്കിലും സ്മാരകങ്ങൾക്കോ സംഘടനകൾക്കോ വിട്ടുനൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**